ബഡ്ജറ്റിൽ നീക്കിവയ്ക്കപ്പെട്ടതും ചെലവഴിച്ചതുമായ തുക

35 [492] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിനും നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്നും ചെലവഴിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രവീതമാണ്;

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിലും വിഭവസമാഹരണ ലക്ഷ്യം എത്ര വീതമായിരുന്നു എന്നും എത്ര സമാഹരിക്കപ്പെടുകയുണ്ടായി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിനങ്ങളിലാണ് തുക വകകൊള്ളിക്കുന്നത്. 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്പ്രകാരം വിവിധ വകുപ്പുകൾക്കായി യഥാക്രമം 13944.73, 14741.57, 16081.58, 19682.14, 21870.26 കോടി രൂപ വീതം നീക്കി വച്ചിരിക്കുന്നു. 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ 12381.15, 15704.72, 17427.32, 18047.64 കോടി രൂപ വീതമാണ് ചെലവഴിച്ചത്.

(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക താഴെപ്പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2001-02	3370.20
2002-03	3846.45
2003-04	3887.78
2004-05	5199.86

(സി) വിശദവിവരം അടങ്ങിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം വയ്ക്കുന്നു. †

വാർഷിക ബഡ്ജറ്റുകളുടെ അടങ്കൽ തുക

36 [493] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01, 2001-02, 2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിലെ വാർഷിക ബഡ്ജറ്റുകളുടെ അടങ്കൽ എത്ര വീതമായിരുന്നു;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[13-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 35 (492)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

2001-02 മുതൽ 2004-05 വരെയുള്ള വിഭവ സമാഹരണം

	2001-02		2002-03		2003-04		2004-05	
	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്	ബഡ്ജറ്റ് എസ്റ്റിമേറ്റ്	അക്കൗണ്ട്സ്
വിൽപ്പന നികുതി	5568.41	4440.85	5600.00	5343.15	6418.00	5991.43	7123.00	6701.05
എക്സൈസ്	744.22	541.46	748.00	663.07	800.00	655.91	750.00	746.45
വാഹന നികുതികൾ	491.17	452.18	540.81	513.20	580.00	585.78	620.00	610.48
മുദ്ര പത്രങ്ങളും രജിസ്ട്രേഷൻ ഫീസും	468.11	394.28	501.83	486.53	600.00	549.81	860.00	775.35
ഭൂ നികുതി	45.00	34.93	49.45	38.40	47.47	40.59	43.29	43.85
വനം	150.00	113.70	181.90	149.57	220.00	187.18	250.00	199.69
ലോട്ടറീസ്	156.00	121.59	171.00	128.09	140.00	133.68	165.54	151.38
മറ്റുള്ളവ	561.82	367.81	611.32	661.78	646.32	751.38	898.31	554.48
ആകെ	8184.73	6466.80	8404.31	7983.79	9451.79	8895.76	10710.14	9782.73